# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 7, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി**

**കെട്ടിട സമുച്ചയങ്ങൾക്കുള്ള പാർക്കിംഗ് ഇളവുകൾ**

*1 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ പാർക്കിംഗ് സൗകര്യം സംബന്ധിച്ച വിഷയങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ഇളവുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പാർക്കിംഗ് ഇളവുകൾ അനുവദിക്കാനായി ചീഫ് ടൗൺ പ്ലാനർ നൽകിയ ശിപാർശകളുടെ പൂർണവിവരം ലഭ്യമാക്കാമോ;

(സി) പാർക്കിംഗ് ഇളവുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിർമ്മാണമേഖലയിലെ എതെങ്കിലും സംഘടനകൾ/ഏജൻസികൾ നിവേദനമോ പരാതിയോ നൽകിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പാർക്കിംഗ് ഇളവ് അനുവദിച്ച കെട്ടിടത്തിന് 200 മീറ്റർ അകലെവരെ ഓഫ് സ്ട്രീറ്റ് പാർക്കിംഗ് അനുവദിക്കുന്നത് തുടരുമോയെന്ന് പരിശോധിക്കാൻ എന്തു സംവിധാനമാണ് ഉള്ളത്; ഇതിന്റെ പ്രായോഗികത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഭവനസമുച്ചയങ്ങൾക്കും ഫ്ലാറ്റുകൾക്കും പുറമേ ഷോപ്പിംഗ് മാളുകൾ, കച്ചവടസ്ഥാപനങ്ങൾ, ഹോട്ടലുകൾ, ബാർ ഹോട്ടലുകൾ എന്നിവയ്ക്കും പാർക്കിംഗ്

ഇളവുകൾ ബാധകമാണോ; വ്യക്തമാക്കുമോ?

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി</u>**

*2 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എം. എം. മണി**
**ശ്രീ വി ജോയി**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെ ധനസഹായം നൽകിവരുന്ന പദ്ധതി സുഗമവും സുതാര്യവുമായി നടത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നാളിതുവരെ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അസുഖബാധിതർക്ക് സഹായധനം അനുവദിക്കുന്നതിന് അവലംബിച്ച് വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കെതിരായി ചില മാധ്യമങ്ങളിൽ വരുന്ന വ്യാജവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>ഭക്ഷ്യസാധനങ്ങളുടെ വിലനിയന്ത്രണം</u>**

*3 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൃഷിഭൂമിയുടെ ദൗർലഭ്യം, ഉയർന്ന ജനസാന്ദ്രത തുടങ്ങിയ ഘടകങ്ങൾ ഭക്ഷ്യവസ്തുക്കൾക്ക് ഇതര സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കേണ്ട സ്ഥിതി സംജാതമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയതലത്തിലെ വിലക്കയറ്റം കൂടുതൽ ബാധിക്കുന്നത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെയാണെന്നത് കണക്കിലെടുത്ത് അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിന് സംസ്ഥാനം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഭക്ഷ്യ പൊതുവിതരണ വകുപ്പും സപ്ലൈകോയും ഭക്ഷ്യോത്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഇക്കഴിഞ്ഞ ഓണക്കാലത്തുൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) ഉൽപ്പന്നങ്ങളുടെ പൊതുവിപണിയിലെ വില നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെങ്കിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ശക്തമായ വിപണി ഇടപെടൽ കേരളം നടത്തുന്നുണ്ടോ; ദരിദ്രർക്കു മാത്രമല്ല ഇടത്തരക്കാർക്കും റേഷനും

ഭക്ഷ്യവസ്തുക്കളും നൽകി ഭക്ഷ്യക്ഷാമം തടഞ്ഞുനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കുറഞ്ഞവിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ നൽകുന്നതിനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് തുടങ്ങിയ അനഭിലഷണീയമായ പ്രവണതകൾ വിപണിയെ ബാധിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**ഫോൺ സംഭാഷണം ചോർത്തൽ**

*4 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെലികമ്മ്യൂണിക്കേഷൻ ആക്റ്റ് പ്രകാരം വ്യക്തികളുടെ ഫോൺ സംഭാഷണം ചോർത്തുന്നതിനുള്ള അധികാരം ആർക്കാണു നൽകിയിട്ടുള്ളതെന്നും അതിനുള്ള നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) നിയമവിരുദ്ധമായി ഫോൺ സംഭാഷണം ചോർത്തുന്നതിനുള്ള ശിക്ഷാനടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഭരണാധികാരികളുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും ടെലഫോൺ സംഭാഷണം ചോർത്തിയതായി ഭരണകക്ഷി എം.എൽ.എ. വെളിപ്പെടുത്തിയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്നും ഗുരുതരമായ കുറ്റകൃത്യം ചെയ്തുവെന്ന് സ്വയം വെളിപ്പെടുത്തിയ പ്രസ്തുത വ്യക്തിക്കെതിരെ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി**

*5 **ശ്രീ. പി.പി. സുമോദ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സംയുക്ത നിവേദനം നൽകുന്നതിന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത എം.പി.മാരുടെ യോഗത്തിൽ തീരുമാനിച്ചിരുന്നോ;

(ബി) സംസ്ഥാനത്തിന് അവകാശപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് നാളിതുവരെ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ഫണ്ടുകളും ഗ്രാന്റുകളും ലഭിക്കുന്നതിൽ ഉണ്ടായിട്ടുള്ള കുറവ് സംബന്ധിച്ച് പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങളോട് കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന സമീപനങ്ങൾ സംസ്ഥാനത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## എക്സ്ട്രീം പോവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം

*6 **ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ ഇ ചന്ദ്രശേഖരൻ**

**ശ്രീ. വി. ആർ. സുനിൽകുമാർ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അന്തർദ്ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കുന്ന വിധം അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ കേരളം മാതൃക സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എക്സ്ട്രീം പോവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ യാതൊരു പരിരക്ഷയും ഇതുവരെ ലഭിക്കാത്ത അഗതി കുടുംബങ്ങളെയും അർഹതയില്ലാതെ ആനുകൂല്യം വാങ്ങുന്നവരെയും കണ്ടെത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വയനാട് ദുരന്തം

*7 **ഡോ. കെ. ടി. ജലീൽ**

**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**

**ശ്രീമതി കാനത്തിൽ ജമീല**

**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മുണ്ടക്കൈ-ചൂരൽമല-പുഞ്ചിരിമട്ടം മേഖലയിലുണ്ടായ ഉരുൾപൊട്ടൽ കേരള ചരിത്രത്തിലെ സമാനതകളില്ലാത്ത പ്രകൃതിദുരന്തമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ദുരന്തത്തിൽ എത്ര മനുഷ്യരുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്രപേരുടെ മൃതശരീരങ്ങൾ ഇനിയും ലഭിക്കാനുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ദുരന്തത്തിൽ വിവിധ മേഖലകളിലായി എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നാണ് പ്രാഥമിക വിലയിരുത്തലിൽ വ്യക്തമായിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) വയനാടിന്റെ പുനരധിവാസത്തിന് വിശദമായ നിവേദനം നൽകണമെന്ന കേന്ദ്രസർക്കാരിന്റെ പ്രത്യേക നിർദ്ദേശത്തിന്റേയും ദേശീയ ദുരന്ത പ്രതികരണ നിധിയുടെയും മാനദണ്ഡങ്ങൾക്കനുസരിച്ച് വിശദമായ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കെ-ഫോൺ പദ്ധതി

*8 **ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. എ. രാജ**

**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വിഭാഗം ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) കെ-ഫോൺ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെ-ഫോൺ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും വേഗതയിലും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ?

## ആരോഗ്യ പരിപോഷണത്തിന് ഊന്നൽ നൽകാൻ നടപടി

*9 **ശ്രീ ജി എസ് ജയലാൽ**

**ശ്രീ. ഇ കെ വിജയൻ**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**

**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജീവിതത്തോട് പ്രായം ചേർക്കുകയല്ല പ്രായത്തോട് ജീവിതം ചേർക്കുക' എന്ന ലോകാരോഗ്യ സംഘടനയുടെ ആപ്തവാക്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന രോഗാതുരത, പ്രാന്തവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങൾ നേരിടുന്ന സവിശേഷമായ ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകി അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബൈപാസ് സംവിധാനങ്ങളും ഡയാലിസിസ് കേന്ദ്രങ്ങളും വർദ്ധിപ്പിച്ചും അവയവമാറ്റ ശസ്ത്രക്രിയകൾ കൂടുതലായി നടത്തിയും മാത്രം മുന്നോട്ടുപോകാനാവില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; രോഗപ്രതിരോധത്തിനും ആരോഗ്യ പരിപോഷണത്തിനും ഊന്നൽ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രാണിജന്യ രോഗങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ-തദ്ദേശ സ്വയംഭരണ വകുപ്പുകൾ സംയുക്തമായി വെക്ടർ കൺട്രോൾ പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## മാലിന്യ നിർമ്മാർജ്ജനം

*10 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എച്ച്. സലാം**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള വാതിൽപ്പടി മാലിന്യശേഖരണത്തിന്റെ നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) മാലിന്യസംസ്കരണം സുസ്ഥിരവും കാര്യക്ഷമവുമാക്കുന്നതിനായി വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും മാലിന്യങ്ങളുടെ വർദ്ധനവും മാലിന്യനീക്കത്തിനുപയോഗിക്കുന്ന പരമ്പരാഗത സമ്പ്രദായങ്ങളും സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനത്തിന് പ്രായോഗികമാകുകയില്ലെന്ന വിദഗ്ദാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ബെവ്കോയിൽ ക്യൂ.ആർ. കോഡ് സംവിധാനം

*11 **ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബെവ്കോ വഴി വിൽപ്പന നടത്തുന്ന മദ്യക്കുപ്പികളിൽ ക്യൂ.ആർ. കോഡ് സംവിധാനം ഏർപ്പെടുത്തുന്നതിന് ബിവറേജസ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തിരുവല്ലയിലെ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ നിർമ്മിക്കുന്ന ഏതെങ്കിലും പ്രത്യേക ബ്രാന്റിന് പരീക്ഷണാടിസ്ഥാനത്തിൽ ക്യൂ.ആർ. കോഡ് പതിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് വിജയകരമാണോ എന്നറിയിക്കുമോ;

(സി) ക്യൂ.ആർ. കോഡ് എർപ്പെടുത്തുന്നതിലൂടെ എന്തെല്ലാം പരിശോധനകൾ നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## ലൈഫ് ഭവന പദ്ധതി

*12 **ശ്രീ ജി സ്റ്റീഫൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാവർക്കും വീട് എന്ന പ്രകടന പത്രിക പ്രഖ്യാപനം

നടപ്പാക്കുന്നതിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനു ശേഷം ലൈഫ് ഭവന പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എത്രയാണെന്നും അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ;

(ഡി) ലൈഫ് ഭവന പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന വിഹിതത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

## <u>ദുരന്തനിവാരണത്തിനായി റിസർച്ച് വിംഗ്</u>

*13 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മണ്ണിടിച്ചിൽ സാധ്യതാമേഖലകൾ കണ്ടെത്തുന്നതിനും അത് തടയുന്നതിന് നടപടികൾ നിർദ്ദേശിക്കുന്നതിനുമായി നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിൽ ജിയോളജി, സിവിൽ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനായി മൈനിംഗ് ആൻഡ് ജിയോളജി, ഭൂഗർഭ ജല വകുപ്പുകളിലെ ജിയോളജിസ്റ്റുമാരുടെ സേവനം കൂടി ലഭ്യമാക്കുന്നതിനായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥരോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജിയോളജി, സിവിൽ എഞ്ചിനീയറിംഗ് വകുപ്പുകളിലെ അധ്യാപകരുടെ സേവനം കൂടി ലഭ്യമാക്കി ഒരു ജിയോ ടെക്നിക്കൽ റിസർച്ച് വിംഗ് രൂപീകരിച്ച് പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തി ദുരന്തസാധ്യതകൾ പരമാവധി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

## <u>കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി</u>

*14 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിനാകെ മാതൃകയായി മാറിയ കെ-ഫോൺ പദ്ധതി അട്ടിമറിക്കാൻ നടത്തിയ ശ്രമത്തിനേറ്റ തിരിച്ചടിയാണ് ഹൈക്കോടതി ഉത്തരവിലൂടെ പുറത്തു വന്നിട്ടുള്ളതെന്ന വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ ഉത്തരവാദിത്വത്തോടെയുള്ള ഇടപെടലിന് ബാധ്യസ്ഥരായിട്ടുള്ളവരും മാധ്യമങ്ങളും അവധാനതയോടെയും സൂക്ഷ്മതയോടെയും ഇത്തരം കാര്യങ്ങളെ കാണണമെന്ന മുന്നറിയിപ്പ് പ്രസ്തുത ഉത്തരവിലൂടെ നൽകിയിട്ടുണ്ടോ;

(സി) കെ-ഫോണിന്റെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## വയനാട് ഉരുൾപൊട്ടൽ ദുരന്തം

*15 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഉരുൾപൊട്ടലിന് കാരണം സംസ്ഥാന സർക്കാരിന്റെ തെറ്റായ നയങ്ങളാണെന്ന് പ്രചരിപ്പിക്കാൻ കേന്ദ്രസർക്കാർ ഗൂഢാലോചന നടത്തിയെന്ന മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമാനതകളില്ലാത്ത ദുരന്തത്തിന്റെയും പ്രതിസന്ധിയുടെയും സമയത്ത് കേരളീയർക്കെതിരെ നടത്തിയ നൈതികമല്ലാത്ത രാഷ്ട്രീയ ഗൂഢാലോചനയാണിതെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നാണ് വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ രൂക്ഷമായതെന്ന് വേൾഡ് വെതർ ആട്രിബ്യൂഷനിലെ (ഡബ്ല്യു.ഡബ്ല്യു.എ.) ശാസ്ത്രജ്ഞരടങ്ങുന്ന സംഘം കണ്ടെത്തിയിട്ടുണ്ടോ; കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കനത്ത മഴ ഭാവിയിലും മണ്ണിടിച്ചിലിനുള്ള സാധ്യത വർദ്ധിപ്പിക്കുമെന്ന് ഡബ്ല്യു.ഡബ്ല്യു.എ. പഠനം ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ദുരന്തനിവാരണ മാർഗരേഖ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) വയനാട് ഉരുൾപൊട്ടൽ സംബന്ധിച്ച മുന്നറിയിപ്പ് കേന്ദ്ര സർക്കാർ യഥാസമയം സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ; വയനാട്ടിൽ മനുഷ്യ ഇടപെടലുകൾ ഒന്നുമില്ലാത്ത സ്ഥലത്തുണ്ടായ ഉരുൾപൊട്ടൽ ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട്

*16 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് ഹേമ കമ്മിറ്റിയെ ചുമതലപ്പെടുത്തിയത് എന്നായിരുന്നുവെന്നും ഇതിന് ഇടയായ സാഹചര്യം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശം അറിയിക്കുമോ;

(സി) ഹേമ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്നുണ്ടായ വെളിപ്പെടുത്തലുകൾ സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>എംപോക്സ് രോഗബാധ</u>

*17 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപോക്സ് റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ രോഗത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത രോഗം പകരാൻ സാധ്യതയുള്ള സാഹചര്യം ഏതെല്ലാമാണ്; വിശദമാക്കുമോ;

(സി) എംപോക്സ് രോഗബാധയ്ക്കെതിരെ സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## <u>ഭക്ഷ്യഭദ്രത ഉറപ്പുവരുത്താൻ നടപടി</u>

*18 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങൾക്ക് വലിയ തോതിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സംസ്ഥാനം എന്ന നിലയിൽ ജനങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുക എന്നത് കേരള സർക്കാരിന് വലിയ വെല്ലുവിളിയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇക്കഴിഞ്ഞ ഓണക്കാലം ഉൾപ്പെടെ ഉത്സവകാലങ്ങളിൽ കൃത്യമായ ആസൂത്രണത്തിലൂടെയും ഫലപ്രദമായ വിപണി ഇടപെടലിലൂടെയും വിലക്കയറ്റം പിടിച്ചുനിർത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാധാരണ ജനങ്ങൾക്ക് മതിയായ അളവിൽ ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വില കുറച്ചും അർഹരായവർക്ക് സൗജന്യമായും മുടക്കം കൂടാതെ ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പൊതുവിപണിയിലെ അന്യായ നടപടികളും ചൂഷണവും ഒഴിവാക്കാൻ ബന്ധപ്പെട്ട പൊതുവിതരണ-ഉപഭോക്തൃ സംവിധാനങ്ങളിലൂടെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## ശബരിമല വിമാനത്താവള പദ്ധതി

*19 **ശ്രീ. എം.വിജിൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവള പദ്ധതിയ്ക്കാവശ്യമായ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സൈറ്റ് ക്ലിയറൻസും സെക്യൂരിറ്റി ക്ലിയറൻസും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ശബരിമല വിമാനത്താവള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ടെൻഡർ നൽകിയിട്ടുള്ള സ്ഥാപനം ഏതാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥാപനം ഡി.പി.ആർ. നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിച്ച് നൽകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ശബരിമല വിമാനത്താവള നിർമ്മാണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെല്ലാം അനുമതികളും നടപടിക്രമങ്ങളും പൂർത്തീകരിക്കാനുണ്ടെന്നും പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

## നാലാം നൂറുദിന കർമ്മ പരിപാടിയുടെ പുരോഗതി

*20 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച നാലാം നൂറുദിന കർമ്മ പരിപാടിയുടെ ഇതുവരെയുള്ള പുരോഗതി വിശദമാക്കുമോ;

(ബി) നാലാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായ ഉപജീവനത്തിനും പശ്ചാത്തലവികസനത്തിനുമായി എത്ര പദ്ധതികൾ ഇതിനകം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത് എത്ര പദ്ധതികളാണെന്നും അതിനായി പ്രതീക്ഷിച്ച തുക എത്രയായിരുന്നെന്നും വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ടുന്ന ഗ്രാന്റും മറ്റ് സാമ്പത്തിക വിഹിതവും സമയബന്ധിതമായി ലഭിക്കാത്തത് കർമ്മ പരിപാടിയുടെ പൂർത്തീകരണത്തെ ബാധിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ക്യാൻസർ ചികിത്സാ രംഗത്തെ പുരോഗതി

*21 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ ഡി കെ മുരളി**

**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ചികിത്സാ രംഗത്ത് സംസ്ഥാനം ആർജ്ജിച്ച പുരോഗതി വിശദമാക്കാമോ;

(ബി) ക്യാൻസർ ചികിത്സാരംഗത്ത് നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിൽ ആർജ്ജിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(സി) സാധാരണക്കാരന് അപ്രാപ്യമായിരുന്ന വിലയേറിയ മരുന്നുകൾ 'സീറോ പ്രോഫിറ്റ്' നിലവാരത്തിൽ വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത മേഖലയിലെ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികളെയും പുതുതായി ആരംഭിച്ച സ്ഥാപനങ്ങളെയും സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

## <u>വയനാട് ദുരന്തബാധിതരുടെ പുനരധിവാസം</u>

*22 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് അധികസഹായം നേടുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ച നിവേദനം തയ്യാറാക്കുന്നതിന് പരിഗണിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൽ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾ സംബന്ധിച്ച് അടിസ്ഥാനരഹിതമായ വിവരങ്ങൾ ഉൾപ്പെടുത്തി തുക ഉയർത്തി കാണിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ദുരിതബാധിതർക്ക് അർഹതപ്പെട്ട സഹായം നിഷേധിക്കുവാൻ ഇടയാകുന്ന രീതിയിൽ അശാസ്ത്രീയമായി നിവേദനം തയ്യാറാക്കിയ നടപടി തിരുത്തുവാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ദുരന്ത പ്രതിരോധ പുനരധിവാസ പ്രവർത്തനങ്ങൾ സംബന്ധിച്ച വസ്തുനിഷ്ഠമായ വിവരങ്ങളും ആവശ്യങ്ങളും ഉൾപ്പെടുത്തി കേന്ദ്രസഹായം നേടിയെടുക്കാനുള്ള പ്രായോഗിക സമീപനം സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടായ വ്യാജ വാർത്തകൾ</u>

*23 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എം. എം. മണി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന വിവിധ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിനുമായി ദേശീയ ദുരന്ത പ്രതിരോധ നിധിയിലേക്ക് അപേക്ഷ

സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാണോ; വ്യക്തമാക്കുമോ;

(ബി) നിലവിലെ മാനദണ്ഡ പ്രകാരവും വയനാടിന്റെ പുനരുദ്ധാരണത്തിന് വിശദമായ നിവേദനം നൽകണമെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കി നൽകിയ നിവേദനത്തെ സംബന്ധിച്ച് ചില മാധ്യമങ്ങൾ നടത്തിയ വ്യാജവും വസ്തുതാവിരുദ്ധവുമായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം വ്യാജവാർത്തകളോടുള്ള സമീപനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം തെറ്റായ വാർത്തകൾ സൃഷ്ടിക്കുന്ന കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>ജസ്റ്റീസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി</u>

*24 **ശ്രീമതി ദെലീമ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന് പിന്നാലെ ആരോപണങ്ങളും വെളിപ്പെടുത്തലുകളും ഉയർന്നുവന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ സ്വീകരിച്ച തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉന്നതതല യോഗത്തെ തുടർന്ന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച പ്രാഥമിക നടപടികൾ അറിയിക്കുമോ?

## <u>മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വൈറോളജി ലാബ്</u>

*25 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ നിപ്പ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നടത്തിവരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടെ 'ബയോ-സേഫ്റ്റി ലെവൽ-2 വൈറോളജി ലാബ്' പ്രവർത്തനസജ്ജമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലാബിന്റെ നിർമ്മാണത്തിനായി എത്ര തുക സംസ്ഥാന സർക്കാർ ലഭ്യമാക്കിയിരുന്നുവെന്നും ലാബിന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ

റിസർച്ചിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) രോഗം നേരത്തെ കണ്ടെത്തുന്നതിനും ഗുരുതരമാകുന്നതിനു മുൻപുതന്നെ വിദഗ്ധ ചികിത്സ നൽകുന്നതിനും സാമ്പിളുകൾ മഞ്ചേരിയിലെ ലാബിൽ തന്നെ പരിശോധിക്കുന്നത് സഹായകമാകുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിൽ മഞ്ചേരിയിലെ ലാബിൽ പ്രാഥമിക പരിശോധനയിൽ വൈറസ് സാന്നിധ്യം കണ്ടെത്തിയാൽ സൂക്ഷ്മപരിശോധനയ്ക്കായി പൂനെ വൈറോളജി ലാബിലേയ്ക്ക് അയയ്ക്കാറുണ്ടോ; വിശദമാക്കുമോ?

## <u>സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ്</u>

*26 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വിലക്കയറ്റം രൂക്ഷമാകുമെന്നതിനാൽ വിപണി ഇടപെടലിനായി സർക്കാരിൽ നിന്നും സപ്ലൈകോ പണം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എത്ര തുകയാണ് ഇപ്രകാരം അനുവദിച്ചത്; വ്യക്തമാക്കുമോ;

(ബി) വിപണി ഇടപെടലിനായി പണം ലഭിച്ചതിനുശേഷം സപ്ലൈകോ അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സാധനങ്ങളുടെ വില എത്ര വീതം വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) വിപണി ഇടപെടലിലൂടെ വില കുറയ്ക്കുന്നതിനായി സബ്സിഡി നൽകേണ്ടതിന് പകരം വില ഉയർത്തുന്ന നടപടി സ്വീകരിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) അതിരൂക്ഷമായ വിലക്കയറ്റം മൂലം ജനങ്ങൾ പ്രതിസന്ധിയിൽ ആയിരിക്കുന്ന സാഹചര്യത്തിൽ, സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ച നടപടി അടിയന്തരമായി പിൻവലിക്കുമോ; വ്യക്തമാക്കുമോ?

## <u>തെരുവുനായ ശല്യം പരിഹരിക്കാൻ നടപടി</u>

*27 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ശല്യം രൂക്ഷമായി വർദ്ധിച്ചിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വകുപ്പുകളുടെ ഏകോപനമില്ലായ്മയും അനിമൽ ബർത്ത് കൺട്രോൾ സെന്ററുകളുടെ കുറവും മൂലം എ.ബി.സി. പദ്ധതി പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാരനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**വയനാട് ദുരന്തനിവാരണ പ്രവർത്തനം**

*28 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടലിനെ തുടർന്ന് വയനാട് ദുരന്ത മേഖലയിൽ സംസ്ഥാന സർക്കാർ നടത്തിയ ദുരന്തനിവാരണ പ്രവർത്തനങ്ങൾ രാജ്യത്തിന് തന്നെ മാതൃകാപരവും പ്രശംസനീയവുമാണെന്ന വിദഗ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായും വേഗത്തിലും നടത്തുന്നതിനുമായി ജാഗ്രതയോടെയുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏതെല്ലാം ഏജൻസികളും സ്ഥാപനങ്ങളും സന്നദ്ധ-രാഷ്ട്രീയ സംഘടനകളും പങ്കെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) ശാശ്വതമായ പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനവും ആസൂത്രണവും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ നടപടി**

*29 **ശ്രീമതി കെ. കെ. രമ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സിനിമാ മേഖലയിലെ ലൈംഗിക അതിക്രമങ്ങൾ, പോക്സോ കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണ്; റിപ്പോർട്ട് ലഭിച്ചയുടൻ പോക്സോ ആക്ട്, ഭാരതീയ ന്യായ സംഹിത എന്നിവ അനുശാസിക്കുന്ന പ്രകാരമുള്ള തുടർനടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ് ഹേമ സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ**

*30 **ശ്രീ വി ജോയി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതു തടയാൻ സംസ്ഥാന പോലീസ് സൈബർ വിഭാഗം നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും പുരസ്കാരം ലഭ്യമായിട്ടുണ്ടോ;

(സി) ഏതു മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് പ്രസ്തുത പുരസ്കാരത്തിന് സംസ്ഥാനം തെരഞ്ഞെടുക്കപ്പെട്ടതെന്ന് അറിയിക്കുമോ;

(ഡി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും എ.ഐ. അടക്കമുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 സെപ്റ്റംബർ 28, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].